## പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **30.01.2018-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1285**

# പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ
„ ആന്റണി ജോൺ
„ പി.കെ. ശശി
„ ആർ. രാജേഷ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാലയങ്ങളെ ശാക്തീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ശാക്തീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

1) അക്കാദമിക മികവ് - മുഴുവൻ പൊതുവിദ്യാലയങ്ങളിലെയും മുഴുവൻ കുട്ടികളുടെയും മികവിനായി സ്കൂളിനെ സുസജ്ജമാക്കാൻ അദ്ധ്യാപകരുടേയും പൊതുസമൂഹത്തിന്റേയും കൂട്ടായ ശ്രമത്തോടെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഓരോ സ്ഥാപനവും ഫെബ്രുവരി ഒന്നിന് അത് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
2) ഭൗതിക സാഹചര്യ വികസനം - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളെ 'കിഫ്ബി' മുഖേനയുള്ള 5 കോടി

(അഞ്ചുകോടി) രൂപയുടെ ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനും ഭൗതിക സാഹചര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള 3 കോടി (മൂന്നുകോടി) രൂപയുടെ ധനസഹായത്തോടെ നവീകരിക്കുന്നതിനുമുള്ള പദ്ധതി നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി 'കൈറ്റി'നെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ തുടർ നടപടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും (സർക്കാർ/എയ്ഡഡ്) ഹൈടെക് ആക്കുന്ന പ്രവർത്തനവും ഇതിനകം ആരംഭിച്ചിട്ടുണ്ട്.

3) സമൂഹത്തെ സജ്ജമാക്കുന്ന പ്രവർത്തനം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കാനും ഗുണമേന്മ വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്ക് എന്താകണമെന്ന് ചർച്ച ചെയ്യുന്നതിനുമായി വിപുലമായ രക്ഷാകർതൃ വിദ്യാഭ്യാസവും നടന്നുവരുന്നു.

(ബി) അധ്യാപന നിലവാരം ഉയർത്താനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനായി പുത്തൻ പഠന ബോധന തന്ത്രങ്ങളും സാങ്കേതികവിദ്യയും ക്ലാസിൽ പ്രയോഗിക്കാൻ പ്രാപ്തരാകും വിധം അദ്ധ്യാപകരുടെ ആത്മവിശ്വാസവും അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനുതകുന്ന കാലാനുസൃതമായ പരിശീലനങ്ങൾ നൽകിവരുന്നു.

പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ (Learning outcome) ഓരോ ഘട്ടത്തിലും ഉറപ്പാക്കുന്നതിന് പഠനവിഭവ പോർട്ടലായ 'സമഗ്ര' രൂപീകരിച്ച് ക്ലാസ് റൂം വിനിമയം ഐ.സി.റ്റി. അധിഷ്ഠിതമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് നിർബന്ധ യോഗ്യത പരീക്ഷയാക്കി മാറ്റി ഗുണനിലവാരമുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്തുവരുന്നു. അദ്ധ്യാപക പരിശീലന പാഠ്യ പദ്ധതി (ഇൻസർവ്വീസ്, പ്രീസർവ്വീസ്) സമഗ്രമായി പരിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. തൽസ്ഥല പിന്തുണയും മോണിറ്ററിംഗും ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാഠ്യവിഷയങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉൽകൃഷ്ടമായി മാറ്റുന്നതോടൊപ്പം സാമൂഹ്യ ഉദ്ഗ്രഥനത്തിനും സാമ്പത്തികമായും സാമൂഹ്യമായും പ്രാന്തവൽക്കരിക്കപ്പെട്ടവർക്കും ഭിന്നശേഷിക്കാർക്കും അവസരസമത്വം ഉറപ്പാക്കാനും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

(സി) ഉണ്ട്. വ്യത്യസ്ത സാമ്പത്തിക സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്ന് വരുന്ന കുട്ടികളുടെ കഴിവിനും പഠന വേഗത്തിനും മാനസിക നിലവാരത്തിനും ഉതകുന്ന തരത്തിൽ എല്ലാ കുട്ടികൾക്കും ഇടം ലഭിക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗ്' എന്നറിയപ്പെടുന്ന പഠന രീതിയാണ് രൂപകൽപ്പന ചെയ്യുവാനുദ്ദേശിക്കുന്നത്. സ്കൂൾ അക്കാദമിക പദ്ധതിയിൽ ഭിന്നശേഷിക്കാരെ പരിഗണിച്ച് പ്രത്യേക പരിശീലന മുറികൾ, പഠനോപകരണങ്ങൾ എന്നിവയ്ക്കൊപ്പം നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പരിശീലനവും, തൊഴിൽ പരിശീലനവും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. കൂടാതെ ജില്ലകളിൽ ഒന്നുവീതം പതിനാല് ജില്ലകളിലും ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ